# കേരള സർവകലാശാല

നം.പി.ആർ.257/2019

ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2019 ഡിസംബർ 10 ന് ആരംഭിക്കുന്ന ബി.ആർക്ക് നാലാം സെമസ്റ്റർ, ഡിസംബർ 11 ന് ആരംഭിക്കുന്ന ബി.ആർക്ക് അഞ്ചാം സെമസ്റ്റർ സപ്ലിമെന്ററി (2013 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

### സെഷണൽ ഇംപ്രൂവ്മെന്റ്

ബി.ടെക് സപ്ലിമെന്ററി പരീക്ഷകളിൽ 40 മാർക്കോ അതിലധികമോ ലഭിച്ച 2013 സ്കീമിലെ (2013 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് മാത്രം) അവരുടെ സെഷണൽ മാർക്ക് ഇംപ്രൂവ് ചെയ്യുന്നതിനുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2019 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ ബി.കോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (138) (2013 അഡ്മിഷന് മുൻപ് മേഴ്സിചാൻസ് – 2010 & 2011 അഡ്മിഷൻ, സപ്ലിമെന്ററി – 2012 അഡ്മിഷൻ) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 16 വരെ അപേക്ഷിക്കാം. 2019 ആഗസ്റ്റിൽ നടത്തിയ മൂന്നാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി (റെഗുലർ/സപ്ലിമെന്ററി/മേഴ്സിചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഓൺലൈനായി ഡിസംബർ 13 നകം സമർപ്പിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

2020 ജനുവരി 23 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ. എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷകൾക്ക് പിഴ കൂടാതെ ഡിസംബർ 12 വരെയും 150 രൂപ പിഴയോടെ ഡിസംബർ 16 വരെയും 400 രൂപ പിഴയോടെ ഡിസംബർ 18 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

<u>പ്രബന്ധങ്ങൾ ക്ഷണിക്കുന്നു</u>

യൂണിവേഴ്‌സിറ്റി റിസർച്ച് സ്റ്റുഡന്റ്സ് യൂണിയൻ ഐ.ക്യു.എ.സിയുമായി സഹകരിച്ച് നടത്തുന്ന മൂന്ന് ദിവസത്തെ ദേശീയ സെമിനാറിനായി ഗവേഷകരിൽ നിന്ന് പ്രബന്ധങ്ങൾ ക്ഷണിക്കുന്നു. 2019 ഡിസംബർ 19, 20, 21 ദിവസങ്ങളിൽ ശാസ്ത്രം, സാമൂഹിക ശാസ്ത്രം, ഭാഷ – കല വിഷയങ്ങളിലായി നടത്തുന്ന സെമിനാറിൽ നിന്നുള്ള പ്രബന്ധങ്ങൾ ഐഎസ്ബിഎൻ നമ്പറോട് കൂടി പ്രസിദ്ധീകരിക്കും. കൂടുതൽ വിവരങ്ങൾക്ക്: researchstudentsunionku@gmail.com

തിരുവനന്തപുരം,
04.12.2019

പബ്ലിക് റിലേഷൻസ് ഓഫീസർ